1

# എഴുതപ്പെട്ടതിൽ വെച്ച് ഏറ്റവും വലിയ അനന്തരകഥ

## (1:1, 2)

കഴിഞ്ഞ വേനല്ക്കാലത്തു,ഞാൻ റുമേനിയയിലായിരുന്നപ്പോൾ മെഡെലെയിൻ ഐ. ഏൻജലെ ഏഴുതിയ കുട്ടികളുടെ ഒരു പുസ്തകമായ, *റിങ്കിൾ ഇൻ ടൈം*, എന്നതു എന്റെ മകൾ കിന്റി എനിക്കു പരിചയപ്പെടുത്തി തന്നു. എന്റെ മകൾ കിന്റിയും പൗത്രൻ, ശേത്തും, പുസ്തകം ഇഷ്ടപ്പെട്ടിരുന്നു. ഇതേ ലേഖകന്റെ മറ്റു പുസ്തകങ്ങൾ കിട്ടുമോ എന്നു അന്വേഷിക്കാൻ അവർ എന്നോടു ആവശ്യപ്പെട്ടു – പ്രത്യേകിച്ചു *റിങ്കിൾ ഇൻ ടൈമിനു* ശേഷമുള്ള ഭാഗം. അതെനി ക്കു മനസിലാക്കാൻ കഴിയും. കാരണം, ഏതെങ്കിലും പുസ്തകം എനിക്കു രസകരമായി തോന്നിയാൽ, അതിലെ കഥാപാത്രങ്ങളേയും അവർക്കു പിന്നെ എന്തു സംഭവിച്ചു എന്നറിയാനുള്ള ആഗ്രഹവും ഞാൻ സങ്കടത്തോടെ എഴുതിവെക്കും. അതിന്റെ ശേഷമുള്ള ഭാഗം ഉണ്ടെന്നറിഞ്ഞാൽ, ഞാൻ അതു കൈവശപ്പെടുത്താൻ ആഗ്രഹിക്കും, അതു ഞാൻ കണ്ടെത്തിയാൽ വലിയ ആകാംക്ഷയോടെയായിരിക്കും അതിനെ സമീപിക്കുക.[1]

സുവിശേഷ സംഭവത്തിന് തുടർച്ചയുണ്ട്. എഴുതപ്പെട്ടതിൽ വച്ച്, പരമ്പരകളുടെ പരമ്പരയാണ് – യേശുക്രിസ്തുവിന്റെ സംഭവപരമ്പര. നാം ഇതിനെ പ്രവൃത്തികളുടെ പുസ്തകം എന്നു വിളിക്കുന്നു. വില്യം ബാർക്കലെ പറഞ്ഞു, "ഒരു വിധത്തിൽ പുതിയ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പ്രവൃത്തികളുടെ പുസ്തകം."[2] വിദ്യാഭ്യാസകനായ മോൺഡേഡ് കോക്ക്സ് പറഞ്ഞു "പ്രവൃത്തികളുടെ പുസ്തകം സുവിശേഷങ്ങൾക്കും ലേഖനങ്ങൾക്കും ഇടയിലുള്ള പാലവും" "പു തിയ നിയമത്തിലെ ഉയർന്ന ഒരു പുസ്തകവും ആണ്."[3] പ്രവൃത്തികളുടെ പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ ആന്റണി ലി ആഷ് പറഞ്ഞു. "അപ്പോസ്തലപ്രവൃത്തികളുടെ പുസ്തകം കൂടാതെ ധആദിമ സഭയെ

കുറിച്ച് ഒന്നും അറിഞ്ഞുകൂടാ."[4]

നമുക്കു നാലു സുവിശേഷവിവരങ്ങൾ ഉണ്ട്. അവയിൽ ഒന്നു പോലും നഷ്ടപ്പെടാൻ നാം ആഗ്രഹിക്കുന്നില്ല, പക്ഷേ എതെങ്കിലും ഒന്നു നഷ്ടമായാൽ, നാം അപ്പോഴും യേശുവിനെ കുറിച്ചു അധികം അറിയും. നമുക്കു ഇരുപത്തി – ഒന്ന് ലേഖനങ്ങൾ ഉണ്ട്. അവയിൽ ഒന്നുപോലും നഷ്ടമാകാൻ നാം ആഗ്രഹിക്കുന്നില്ല, നഷ്ടമായാലും, ക്രിസ്തുവിന്റെ ഉപദേശവും വഴിയും നമുക്കു ഒരുപക്ഷേ നഷ്ടമാകാനിടയില്ല. എന്നിരുന്നാലും പുതിയ നിയമത്തിൽ ഒരേ ഒരു ചരിത്ര പുസ്തകമാണുള്ളത്, പ്രവൃത്തികളുടെ പുസ്തകം, അതു കൂടാതെ ആദ്യ സഭയുടെ പ്രവൃത്തികൾ നാം അറിയാതെ പോയേക്കാം. ഉതിർന്നു പോയതു ചിലതൊക്കെ പൗലോസിന്റെ ലേഖനത്തിൽ നിന്നു പെറുക്കി എടുക്കാമെന്നു മാത്രം. പ്രവൃത്തികളുടെ പുസ്തകമില്ലെങ്കിൽ, എന്തുമാത്രം നമുക്കു നഷ്ടമായേനേ!

ഈ വലിയ പുസ്തക പഠനത്തിന്റെ ആരംഭത്തിലേക്കു നാം കാലൂന്നിയിരിക്കയാണ്. ഈ പഠനം ഒരു വെല്ലുവിളിയാണ്. ഭാഗികമായ കാരണം പുസ്തകത്തിന്റെ ദൈർഘ്യമാണ്. പുതിയ നിയമത്തിലെ ദൈർഘ്യമുള്ള പുസ്തകങ്ങളിൽ മൂന്നാമത്തെയാണ് പ്രവൃത്തികൾ. ഏറ്റവും ദൈർഘ്യമേറിയതു ലൂക്കോസ് ആണ്. അതിന്റെ പിന്നിൽ മത്തായി ഉണ്ട്. പ്രവൃത്തികളുടെ പുസ്തകം ഏതാണ്ട് മത്തായിയുടെ പുസ്തകത്തോടൊപ്പം ഉണ്ട്. യാദൃശ്ചികമായി ഇതിന്റെ അർത്ഥം, മറ്റുള്ളവരേക്കാൾ കൂടുതൽ പുതിയ നിയമങ്ങളിൽ എഴുതിയതു ലൂക്കോസ് ആണ്. കൂടുതൽ പുസ്തകങ്ങൾ അവനല്ല എഴുതിയതു (പതിമൂന്നോ പതിനാലോ; പുസ്തകങ്ങൾ പൗലോസ് എഴുതി യോഹന്നാൻ, അഞ്ച് പുസ്തകങ്ങൾ എഴുതി), എന്നാൽ ലൂക്കോസിന്റെ സുവിശേഷവും പ്രവൃത്തികളുടെ പുസ്തകവും കൂടെ ചേർത്താൽ പുതിയനിയമത്തിലെ 30 ശതമാനത്തോളം വരും!

"ആവേശകരമായ ക്രിസ്ത്യാനിത്വം" എന്നാണ് ഞാൻ നമ്മു ടെ പഠനത്തെ വിളിക്കുന്നത്. ആദിമ സഭയുടെ ആവേശം നമ്മുടെ പാഠത്തിൽ പ്രതിഫലിച്ചിട്ടുണ്ട് എന്നു ഞാൻ പ്രത്യാശിക്കുന്നു. അവയിൽ ചില ആവേശങ്ങൾ നമ്മുടെ സ്വന്തഹൃദയങ്ങളിലേക്കും ജീവിതങ്ങളിലേക്കും കിനിഞ്ഞിറങ്ങുമെന്നു ഞാൻ പ്രത്യേകമായി പ്രത്യാശിക്കുന്നു!

### തലവാചകം

പ്രവൃത്തികളുടെ പുസ്തകത്തിന്റെ ആമുഖം ആരംഭിക്കുവാൻ ഏറ്റവും നല്ല വഴി നിങ്ങളുടെ തന്നെ ബൈബിളിലെ തലവാചകം നോക്കുക എന്നതാണ്. ഏറ്റവും പൊതുവായ തലവാചകം "അപ്പൊസ്തല പ്രവൃത്തികൾ"[5] എന്നതാണ്. ചുരുങ്ങിയതു ഒരു തർജ്ജിമ എങ്കിലും "ദി" എന്നതു വിട്ടു കളഞ്ഞു "അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ"[6] ഒരു തർജ്ജിമ തലവാചകം കൊടുത്തിരിക്കുന്നു. "ദി ആക്ട്സ്,"[7] എന്നും മറ്റൊന്ന് "പ്രവൃത്തികൾ"[8] എന്നും മാത്രമായി ചുരുങ്ങി.

ഇവയൊന്നും ദൈവശ്വാസിയ തലവാചകങ്ങൾ അല്ല. ഒന്നാം നൂറ്റാ

ണ്ടിലെ സഭ ഈ പേരുകളിൽ ചിലതു ഉപയോഗിച്ചിട്ടുണ്ട്. "ക്രിസ്ത്യാനിയുടെ ആരംഭ ചരിത്രം" അല്ലെങ്കിൽ "ബിഗിനിംഗ്സ്" എന്ന പേരിൽ രണ്ടു – വാല്യം ആയി അറിയപ്പെട്ടിരുന്നതിന്റെ ഭാഗമായിരുന്നു. ആരംഭത്തിൽ പ്രവൃത്തികളുടെ പുസ്തകം. ഈ വിധത്തിൽ ആയിരുന്നു എഴുത്തുകൾ സഭകളിൽ വിതരണം ചെയ്തിരുന്നത്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലോ രണ്ടാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിലോ ഒന്നാമത്തെ വാല്യം വേർപെടുത്തി, മത്തായി, മർക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷ വിവരണങ്ങളോടു ചേർത്തു "ലൂക്കോസ് എഴുതിയ സുവിശേഷം" എന്നായി. ആ സമയത്ത്, രണ്ടാമത്തെ വാല്യം പ്രവൃത്തികളുടെ പുസ്തകം എന്നായി. എങ്കിൽ പോലും, ഇതു വിവിധ പേരുകളിൽ അറിയപ്പെടാൻ തുടങ്ങി: നാം സൂചിപ്പിച്ചതു "അപ്പൊസ്തല പ്രവൃത്തികൾ," "എല്ലാ അപ്പൊസ്തലന്മാരുടേയും പ്രവൃത്തികൾ" എന്നിവയും മറ്റുമാണത്.

"അപ്പൊസ്തല പ്രവൃത്തികൾ" എന്ന തലവാചകം എന്നെ വലുതായി കുഴക്കുന്നില്ല, പക്ഷേ, ഇതു *എല്ലാ* അപ്പൊസ്തലന്മാരുടേയും *എല്ലാ* പ്രവൃത്തികളും അടങ്ങുന്നതാണ് എന്ന ചിന്താഗതി വിട്ടിട്ടുണ്ടാകാം. ഒന്നാം അദ്ധ്യായത്തിൽ, എല്ലാ അപ്പൊസ്തവന്മാരുടേയും പേരുകൾ പറയുന്നതിനു പകരം പത്രൊസ്, പൗലോസ്, യാക്കൊബ്, യോഹന്നാൻ – എന്നീ അപ്പൊസ്തലന്മാരുടെ പേരുകൾ[9] മാത്രമാണ്. യാക്കൊബിനേയും യോഹന്നാനേയും[10] കുറിച്ചു കുറച്ചു കാര്യങ്ങൾ മാത്രമെ നമ്മോടു പറയുന്നുള്ളൂ. *ചില* അപ്പൊസ്തലന്മാരുടെ *ചില* പ്രവൃത്തികളാണ് ഇതിൽ വിവരിക്കുന്നത്. പ്രത്യേകമായി, ആദ്യഭാഗത്തു പത്രൊസിന്റെ പ്രവൃത്തികൾ, ചിലതും അവസാനഭാഗത്ത് പൗലോസിന്റെ പ്രവൃത്തികളിൽ ചിലതും ആണ് പറയുന്നത്.

"അപ്പൊസ്തല പ്രവൃത്തികൾ" എന്നതു വളരെ വളരെ വിശാലവും അതേ സമയത്തു വളരെ ഇടുങ്ങിയതുമാണ്. വിശാലമെന്നു പറയാൻ കാരണം എല്ലാ അപ്പൊസ്തലന്മാരുടേയും എല്ലാ പ്രവൃത്തികളും ഇതു പറയാത്തതാണ്. ഇടുങ്ങിയതു എന്നു പറയാൻ കാരണം പത്രോസിനേയും പൗലോസിനേയും ഒഴിച്ചു മറ്റു അപ്പൊസ്തലന്മാരെക്കുറിച്ചും പറയാതിരിക്കുന്നതാണ്. പുസ്തകത്തിലെ മുഖ്യ കഥാപാത്രങ്ങൾ അപ്പൊസ്തലന്മാരല്ല, "സാധാരണ" ക്രിസ്ത്യാനികളാണ്. അവർ നല്ല രീതിയിൽ സുവിശേഷം പ്രചരിപ്പിച്ചു: അവരിൽ ചിലരാണ് സ്തെഫാനൊസ്, ഫിലിപ്പൊസ്, ബർന്നബാസ്, ശീലാസ്, തിമൊഥെയോസ്, അപ്പൊല്ലൊസ്, അക്വില്ലാസ്, പ്രിസ്കില്ല എന്നിവർ.

നമ്മുടെ പാഠത്തിനുവേണ്ടി, ഞാൻ ഉപയോഗിക്കുന്ന പേർ "പ്രവൃത്തികൾ" എന്നും "പ്രവൃത്തികളുടെ പുസ്തകം" എന്നുമാണ്. ഈ തലവാചകങ്ങൾ എതാണ്ട് വർണ്ണരഹിതമാണ്,പക്ഷേ മറ്റു പേരുകളിലെ പ്രയാസങ്ങൾ ഇവ നീക്കുന്നു.

### പുസ്തകം

നാം പുസ്തകം പഠിക്കാൻ ഒരുങ്ങുമ്പോൾ, ചോദ്യങ്ങൾ "പുസ്തകം എഴുതിയതാര്?"; "ആർക്കുവേണ്ടി?"; "എപ്പോൾ?"; "എന്തുകൊണ്ട്?"

എന്നെല്ലാം ചോദിക്കുന്നതു നല്ലതാണ്. ഈ ചോദ്യങ്ങൾക്കു ഉത്തരം ലഭിക്കുവാൻ, നാം പുസ്തകത്തിലേക്കു നോക്കണം. ആദ്യത്തെ അദ്ധ്യായത്തിലെ 1 ഉം 2 ഉം വാക്യങ്ങൾ തൊട്ടു തുടങ്ങാം: "തെയോഫിലൊസേ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം, യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു, ആരോഹണം ചെയ്ത നാൾ വരെ അവൻ ചെയ്തും, ഉപദേശിച്ചും തുടങ്ങിയ സകലത്തെയും ആയിരുന്നുവല്ലൊ."

നമുക്കു ഏതെല്ലാം ഉൾക്കാഴ്ച കിട്ടുമെന്നു ഒന്നാം അദ്ധ്യായത്തിലെ ശേഷിച്ച ഭാഗങ്ങളും നമുക്കു നോക്കാം. ഒരു വിവരണ ഉറവിടമായി, ലൂക്കൊസ് 1:1–4 വരെ നമുക്കു നോക്കാം:

> ശ്രീമാനായ തെയോഫിലോസേ; ആദി മുതൽ കണ്ട സാക്ഷികളും വചനത്തിന്റെ ശുശ്രൂഷകന്മാരുമായവർ നമ്മെ ഭരമേല്പിച്ചതു, പോലെ നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചു വരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമെപ്പാൻ പലരും തുനിഞ്ഞിരിക്കകൊണ്ടു നിനക്കു ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിന്നു അതു ക്രമമായി, എഴുതുന്നതു നന്നെന്നു ആദി മുതൽ, സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ടു എനിക്കും തോന്നിയിരിക്കുന്നു.

ലൂക്കോസിന്റെ സുവിശേഷം അപ്പൊസ്തപ്രവൃത്തികളും ആരംഭത്തിൽ ഒറ്റ വാല്യമായിട്ടായിരുന്നു വിതരണം ചെയ്തിരുന്നതു. *രണ്ടു* പുസ്തകങ്ങളുടേയും മുഖവുരയായിരുന്നു ലൂക്കൊസ് 1:1–4.

**ലിപിക്കാരൻ**

"ഞാൻ എഴുതിയ ഒന്നാമത്തെ ... ചരിത്രം" (പ്രവൃത്തി 1:1) സൂചിപ്പിക്കുന്നതു ലൂക്കൊസിന്റെ സുവിശേഷം ആണ്. ലൂക്കൊസിന്റെ സുവിശേഷത്തിലെ ഊന്നൽ ആണ് പ്രവൃത്തികളുടെ പുസ്തകത്തിലും ഉള്ളത്; ലൂക്കൊസ് വിട്ടു പോയതു പ്രവൃത്തി പെറുക്കു എടുത്തിരിക്കുന്നു. രണ്ടിലും പറയുന്നതു ഒരേ ഗുണഭോക്താവിനെയാണ്, തെയൊഫിലൊസ് (ലൂക്കൊസ് 1:3; പ്രവൃത്തി 1:1). രണ്ടിലും ഒരേ സ്റ്റൈലാണുള്ളത്: മറ്റു പുതിയ നിയമ പുസ്തകങ്ങളിൽ സാധാരണ കാണാത്ത അമ്പതു വാക്കുകൾ ഈ പുസ്തകങ്ങൾ രണ്ടിലും ഉണ്ട്.[11] രണ്ടും ജാതിയിൽ പെട്ട സദസിനെ നിർദ്ദേശിക്കുന്നു (യെഹൂദനാമങ്ങളും ആചാരങ്ങളും വിവരിച്ചിരിക്കുന്നു[12]). അതുകൊണ്ട്, ഇവയിൽ ഒന്നെഴുതിയ ആൾ രണ്ടാമത്തേതും എഴുതി.

"ഞാൻ" എന്ന പ്രവൃത്തി 1:1ലെ പ്രയോഗം സൂചിപ്പിക്കുന്നതു, "പ്രിയ വൈദ്യൻ, ലൂക്കൊസ്" എന്നാണ് (കൊലൊസ്യർ 4:14). ഈ കാര്യത്തിൽ ബാഹ്യവും ആന്തരികവുമായ തെളിവുകൾ യോജിക്കുന്നു. ആദ്യം നമുക്കു പുസ്തകത്തിനു പുറത്തുള്ള തെളിവുകൾ പരിശോധിക്കാം. രണ്ടു പുസ്തകങ്ങളും ഒറ്റ നോട്ടത്തിൽ കർത്തൃത്വം ലൂക്കൊസിനല്ലാതെ മറ്റാർക്കും കൊടുത്തിട്ടില്ല. ഈ വസ്തുതയ്ക്കു ഐറേനിയസും സാക്ഷി

യാണ് (എ.ഡി. 180), ആന്റി മാർസിയോ നൈറ്റ് പ്രോലോഗ് ടു ദി ബുക്ക് ഓഫ് ലൂക്ക് (സിഎ. 160–180), ദി മുറേറ്റോറിയൻ കാനൻ (സിഎ. 170–190), ക്ലെമന്റ് ഓഫ് അലെക്സാണ്ട്റിയ (150–217), തെർത്തുല്ല്യൻ (150–220). ചരിത്രകാരനായ യുസെബിയസ് 325–ൽ, എഴുതിയപ്പോൾ രണ്ടു വാല്യ ങ്ങളും ലൂക്കൊസ് എഴുതി എന്നതിൽ ഒരു സംശയവുമില്ലായിരുന്നു.

പ്രവൃത്തികളുടെ പുസ്തകത്തിലെ വേദഭാഗങ്ങളിലെ "ഞങ്ങൾ" എന്ന പ്രയോഗത്തിൽ കേന്ദ്രീകരിച്ചിരിക്കയാണ് ആന്തരിക തെളിവുകൾ (16:10–17; 20:5–15; 21:1–18; 27:2–28:16). മൂന്നാമതൊരാളിൽ നിന്നു ഒന്നാം ആളിലേക്കു വിരൽ ചൂണ്ടുന്ന പ്രസ്താവനകൾ വ്യക്തമാക്കുന്ന സൂച ന, ഗ്രന്ഥകാരൻ പൗലോസിനോടുകൂടെ യാത്രയിൽ ഉണ്ടായിരുന്നു എന്നാണ്. ഉപേക്ഷിക്കേണ്ട നടപടിയിലൂടെ, നമുക്കു ചുരത്തി എടു ത്താൽ സാദ്ധ്യത ലൂക്കോസിനു തന്നെ.[13] മറ്റു ആന്തരിക തെളിവുകൾ ശ്രദ്ധിക്കാവുന്നത്, പ്രത്യേകിച്ച് ലേഖകൻ വൈദ്യനാണെന്ന് അതിലെ വാക്കുകൾ വ്യക്തമാക്കുന്നു, പ്രത്യേകിച്ച് ലൂക്കൊസിന്റെ[14] പുസ്തകത്തിൽ. ഈ പേരുകളുടെ സാന്നിദ്ധ്യം തീർപ്പാക്കാവുന്ന തെളിവുകൾ നൽകുന്നില്ല, പക്ഷെ ലേഖകൻ വൈദ്യനാണെന്ന് പറയാം.

ലൂക്കൊസിനെ കുറിച്ചു അധികമൊന്നും അറിഞ്ഞുകൂടാ (അവൻ തന്നെക്കുറിച്ചു എഴുതിയിട്ടില്ല). എങ്ങനെയായാലും, ധാരാളം വസ്തുത കൾ അവനെക്കുറിച്ചു നമുക്കു ഊഹിക്കാൻ പറ്റും. ലൂക്കൊസ് ജാതി യിൽ പെട്ടവനും ഒരുപക്ഷേ, യവനനും ആകാം.[15] പാരമ്പര്യമനുസരിച്ചു, ലൂക്കൊസ് അന്ത്യോക്യയിലെ സുറിയക്കാരനായിരുന്നു.[16] യേശുവിന്റെ ജീവിതത്തിനു ദൃക്സാക്ഷ്യം വഹിച്ചിരുന്നില്ല എന്നു പറയപ്പെടുന്നു (ലൂക്കൊസ് 1:2), പക്ഷെ അവൻ പൗലോസിനോടു യാത്ര ചെയ്തു വേല യിൽ പങ്കു ചേർന്നിരുന്നു (ഫിലെമോൻ 24). "പ്രിയ" എന്ന കൊലൊ സ്യർ 4:14ലെ ഉപയോഗം വ്യക്തമാക്കുന്നതു അവനു പ്രീതിപ്പെടുത്തുന്ന ഒരു വ്യക്തിത്വം ഉണ്ടായിരുന്നു എന്നാണ്.

ലൂക്കൊസിനെ സംബന്ധിച്ച ഒരു പ്രധാനകാര്യം അവൻ ഒരു വൈദ്യ നായിരുന്നു എന്നാണ് (കൊലൊസ്യർ 4:14). പൗലോസിന്റെ പൊതുവി ലുള്ള ശാരീരിക പ്രശ്നങ്ങളും (2 കൊരിന്ത്യർ 12:7–10). അവന്റെ ശരീരം ഏറ്റ ഉപദ്രവങ്ങളും നോക്കുമ്പോൾ (2 കൊരിന്ത്യർ 11:23–27), ലൂക്കൊസ് എന്ന വൈദ്യന്റെ കൂട്ട് എത്രമാത്രം പ്രയോജനകരമായിരിക്കും എന്നു നമുക്കു ഊഹിക്കാവുന്നതേയുള്ളൂ!

ലൂക്കൊസ് ഒരു വൈദ്യനേക്കാൾ മികച്ചവനായിരുന്നു. പൗലോസു സഹിച്ചതുപോലെ പല പരീക്ഷണങ്ങളും സഹിച്ച ധീരനായ വ്യക്തിയാ യിരുന്നു ലൂക്കൊസ്. സഭയെ വളർത്തുന്നതിൽ നിർണ്ണായക പങ്കു വഹി ച്ചിരുന്നു. ഫിലിപ്പിയിൽ വെച്ചു പൗലോസിന്റെ കൂട്ടുവേലക്കാരെല്ലാം വിട്ടു പോയിട്ടും ലൂക്കൊസ് അവിടെ തന്നെ താമസിച്ചിരുന്നു. അതിലുപരി, ലൂക്കൊസ് പൗലോസിന്റെ ഉറ്റ സ്നേഹിതനായിരുന്നു. മറ്റുള്ളവരെല്ലാം വിട്ടുപോയപ്പോൾ അവൻ പൗലോസിനോടു കൂടെ ആയിരുന്നു (ഫിലെ മൊൻ 24; 2 തിമൊഥെയൊസ് 4:11).

ലൂക്കൊസിനെ കുറിച്ച് *എടുത്തു* പറയേണ്ട പ്രാധാന്യം അവൻ *ദൈവശാസ്ത്രീ*യനായിരുന്നു എന്നതാണ്. ലൂക്കോസും പ്രവൃത്തികളും,

വായിക്കുമ്പോൾ "പ്രിയവൈദ്യനായ" ലൂക്കോസിനു ഒരു സൂക്ഷ്മ പരിശോധനാ മനസുണ്ടായിരുന്നു എന്നു കാണാം. ഈ രണ്ടു പുസ്തകങ്ങളിൽനിന്നും, അവന്റെ ബുദ്ധിയിൽ നിന്നു, വന്നു എന്നു ഒരിക്കലും വിചാരിക്കരുത്. 2 പത്രോസ് 1:21–ൽ പറയുന്നതുപോലെ തന്നെ "പരിശുദ്ധാത്മനിയോഗം" പ്രാപിച്ചവനായിരുന്നു ലൂക്കൊസും. ലൂക്കോസിനു പരിശുദ്ധാത്മനിയോഗം ലഭിച്ചതു ഒരുപക്ഷെ പൗലോസിന്റെ കൈവെപ്പിനാൽ ആയിരിക്കാം. അത്ഭുതവരങ്ങൾ കൈവെപ്പിലൂടെ ക്രിസ്ത്യാനികൾക്കു പകർന്നുകൊടുത്തിരുന്ന പരിശീലനം പൗലോസ് നടത്തിയിരുന്നു (പ്രവൃത്തി 19:6). തന്റെ മറ്റൊരു കൂട്ടു യാത്രക്കാരനിലും പൗലോസ് കൈവെപ്പ് നടത്തിയിട്ടുണ്ട് (2 തിമൊഥെയൊസ് 1:6); ഈ അത്ഭുതവരങ്ങളിൽ ഒന്നായിരുന്നു "പ്രവചനം," അതായതു, ദൈവശ്വാസീയ ഉപദേശം (1 കൊരിന്ത്യർ 12:10).[17] ഈ ഒരു വരമായിരിക്കാം ലൂക്കൊസിനു ലഭിച്ചിരിക്കാൻ സാദ്ധ്യത.

**രക്ഷാധികാരി**

ലൂക്കൊസ് പ്രവൃത്തികളും "തെയോഫിലൊസിനെ"[18] സംബോധന ചെയ്താണ് എഴുതിയിരിക്കുന്നത്. "തെയോഫിലൊസ്'' എന്നതു സംയുക്ത ഗ്രീക്കുവാക്കാണ് *തെയോസ്* ("ദൈവം") എന്നതും *ഫിലോസ്* ("സൗഹൃദ സ്നേഹം" നാമരൂപം) എന്നോ അല്ലെങ്കിൽ *ഫിലിയൊ* ("സൗഹൃദ സ്നേഹത്തിന്റെ" ക്രിയാരൂപം) എന്നതോ കൂടിച്ചേർന്നതാണ്. പേരിന്റെ അർത്ഥം "ദൈവത്തെ സ്നേഹിക്കുന്നവൻ" എന്നോ അല്ലെങ്കിൽ "ദൈവ*ത്താൽ* സ്നേഹിക്കപ്പെടുന്നവൻ"[19] എന്നോ ആകാം. രണ്ടു തർജ്ജിമകളും ഗുണഭോക്താവിനോടുള്ള സമീപനം പുലർത്തുന്നതുകൊണ്ട്, ഉപയോഗത്തിൽ ലഘുവായ വ്യത്യാസം വരുത്തിയിട്ടുണ്ട്.

തെയൊഫിലൊസിനെ തിരിച്ചറിയുന്നതിനെകുറിച്ചു ധാരാളം ഊഹാപോഹങ്ങൾ ഉടലെടുത്തിട്ടുണ്ട്. അയാൾ ഒരു യഥാർത്ഥ വ്യക്തിയല്ല, മറിച്ചു ദൈവത്തെ സ്നേഹിക്കുന്നവരുടേയും ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരുടേയും പ്രതിനിധിയായി കാണിച്ചിരിക്കുന്നതാണെന്നു ചിലർ വിശ്വസിക്കുന്നു. റോമാ അരമനയിലെ അറിയപ്പെടുന്ന – ഒരു റോമാ വ്യക്തിത്വത്തിനുവേണ്ടി എടുത്തിരിക്കുന്ന തൂലികാ നാമമാണ് തെയോഫിലൊസ് എന്നു ചിലർ പറയുന്നു. അയാൾ നിറോ ചക്രവർത്തിയുടെ മുൻപിൽ പൗലോസിന്റെ പ്രതിരോധ സംഘത്തിലുണ്ടായിരുന്നു എന്നു പറയപ്പെടുന്നു. ലൂക്കൊസിന്റെ യജമാനനായിരുന്നു തെയൊഫിലോസ് എന്നാണ് ഏറ്റവും അയാഥാർത്ഥ ഭാവനകളിൽ ഒന്ന്. (ഇവിടെയാണ്, ലൂക്കൊസ് തന്റെ ദൗത്യ ജീവിതം ആരംഭിക്കുന്നതു. തന്റെ യജമാനന്റെ ജീവനു – ഭീഷണിയായിരുന്ന ഒരു രോഗം ലൂക്കൊസ് സൗഖ്യമാക്കി, തെയൊഫിലൊസ് അങ്ങനെ ലൂക്കൊസിനു സ്വാതന്ത്ര്യം നല്കി. അതുകൊണ്ട് ലൂക്കൊസ് ഈ പുസ്തകങ്ങൾ അവന്നു നന്ദിപൂർവ്വം സമർപ്പിച്ചതാണ്.[20])

ഏറ്റവും ലളിതവും (ഉചിതവുമാക്കാവുന്ന) വ്യാഖ്യാനം, ലൂക്കൊസ്, റോമൻ ഉദ്യോഗസ്ഥനായ യഥാർത്ഥ വ്യക്തിയായ തെയോഫിലൊ

സിന്നു എഴുതി എന്നതാണ്. അങ്ങനത്തെ വ്യക്തികളുടെ സാധാരണ പേരായിരുന്നു "തെയോഫിലൊസ്." ആദരസൂചകമായി ഉപയോഗിച്ചി രിക്കുന്നു എന്നു പറയുന്നതാവും "ഉത്തമം," പക്ഷേ സാധാരണ റോമൻ ഉദ്യോഗസ്ഥരുടെ പദവിയാണിത് (23:26; 24:3; 26:25). ലൂക്കൊസ് 1:1–4 വരെയുള്ള വാക്യങ്ങൾ സൂചിപ്പിക്കുന്നതു തെയൊഫിലൊസ് ഒരു ക്രിസ്ത്യാനിയായിരുന്നു എന്നാണ്. (ഒരുപക്ഷേ ഒരു പുതിയ ശിഷ്യനാ കാം.) അതുകൊണ്ട് ലൂക്കൊസ് വിചാരിച്ചു യേശുക്രിസ്തുവിന്റെ ജീവി തത്തെക്കുറിച്ചും സഭയുടെ പ്രാരംഭദിശയെക്കുറിച്ചും ഒരു ചരിത്രം എഴുതി അറിയിക്കാമെന്ന്. തൽഫലമായി പഠിപ്പിക്കപ്പെട്ട കാര്യങ്ങളെ ക്കുറിച്ചുള്ള "യഥാർത്ഥ സത്യം തെയോഫിലൊസ് [ഉണ്ടായിരുന്നു] അറിയും."

ലൂക്കൊസ് *എന്തുകൊണ്ട്* ഇങ്ങനെ സംബോധന ചെയ്തു എന്നതു നമ്മെ ഇന്നു അമ്പരപ്പിക്കുക തന്നെയാണ് ചെയ്യുന്നത്.[21] നമുക്കു വിദ്യാ ഭ്യാസപരമായ ചില ഊഹങ്ങൾ നടത്താം ഒരു പക്ഷേ അന്വേഷണത്വര യോടെ തെയോഫിലൊസ്ചില ചോദ്യങ്ങൾ ചോദിച്ചിരിക്കാം. ലൂക്കൊസ് ആ അവസരം ഉപയോഗിച്ചു ചില പഠനങ്ങൾ നല്കുവാൻ ലൂക്കൊസ് തയ്യാറായതാകാം. ഒരുപക്ഷേ തെയോഫിലൊസ് ലൂക്കോസിന്റെ രക്ഷാ ധികാരി ആയിരിക്കാം, ഈ വാക്യം എഴുതി വിതരണം ചെയ്യുന്നതിനും മറ്റും, തെയോഫിലൊസ് ലൂക്കൊസിനെ സഹായിച്ചിരിക്കാം. (പുസ്ത കങ്ങൾ കൈകൊണ്ട് എഴുതിയിരുന്നതുകൊണ്ട്, ആണ്. അതു ധാരാളം പണവും ചെലവിട്ടിരുന്നു.) ക്രിസ്ത്യാനിത്വത്തിനെതിരെ പ്രചരിക്കപ്പെട്ട അപവാദം നീക്കം ചെയ്യുവാൻ ഒരുപക്ഷേ ലൂക്കൊസ് ശ്രമിച്ചിരിക്കാം. റോമാ ലോകത്തിലെ പ്രത്യേക വിഭാഗം ആളുകളെ, തെയോഫിലൊ സിനെ, സഹായിക്കുന്നതിലൂടെ, ലൂക്കൊസ് പഠിപ്പിക്കുവാൻ ലൂക്കൊസ് താല്പര്യപ്പെട്ടിരിക്കാം. ഒരു പക്ഷേ രേഖപ്പെടുത്തിയതും/രേഖപ്പെടുത്താ ത്തതുമായ കണ്ടുപിടിച്ചിട്ടില്ലാത്ത കാരണങ്ങൾ *കൂട്ടിച്ചേർത്തു* – ലൂക്കൊസ് സംബോധന ചെയ്തു എഴുതിയ പുസ്തകങ്ങളാകാം ഇത്.

പ്രവൃത്തികളുടെ പുസ്കത്തിൽ ഗുണഭോക്താവ് എന്ന വിശയത്തെ വിട്ടു പോകുന്നതിനുമുൻപ്, തെയോഫിലൊസിനെ സംബോധന ചെയ്ത തുകൊണ്ട് ഈ പുസ്തകങ്ങൾ തെയോഫിലൊസിനു മാത്രം ഉള്ളതല്ല എന്നു ഊന്നി പറയട്ടെ. പല ലേഖനങ്ങളും വ്യക്തികൾക്കു എഴുതിയ തായിരുന്നില്ലെങ്കിലും അവ സൂക്ഷിച്ചിരിക്കുന്നതു നമുക്കാവശ്യമായ പാഠങ്ങളും അടങ്ങിയിരിക്കുന്നതുകൊണ്ടാണ്. നിങ്ങൾ ദൈവത്തെ സ്നേഹിക്കയും ദൈവത്താൽ നിങ്ങൾ സ്നേഹിക്കപ്പെടുകയും, ചെയ്യുന്നുവെങ്കിൽ പ്രവൃത്തികളുടെ പുസ്തകം പ്രത്യേക രീതിയിൽ നിങ്ങളെ ഉദ്ദേശിച്ചുള്ളതാണ്!

**ഉദ്ദേശം**

നാം തെയോഫിലൊസിനെ കുറിച്ചു പരാമർശിച്ചപ്പോൾ, "എന്തു കൊണ്ട്?" എന്ന ചോദ്യം ഉയർത്തുകയുണ്ടായി നമുക്കാ ചോദ്യം വീണ്ടും ആവർത്തിക്കാം: പുസ്തകം എഴുതാൻ ലൂക്കൊസിന്റെ *ഉദ്ദേശം* എന്തായിരുന്നു?

ചില പുസ്തകങ്ങളിൽ ഉള്ളതുപോലെ ഉദ്ദേശ പ്രസ്താവന പ്രവൃ

ത്തികളുടെ പുസ്തകത്തിൽ ഇല്ലെന്നു അനേക പണ്ഡിതന്മാർ പറയുന്നു.[22] ലൂക്കോസ് 1:1–4 വരെയുള്ള മുഖവുര ലൂക്കൊസിനു മാത്രമല്ല, പ്രവൃത്തികളുടെ, പുസ്തകത്തിനും ഉള്ളതാണ് എന്ന മുകളിലെ പ്രസ്താവന ശരിയല്ലെന്നു വരുന്നു. ലൂക്കൊസ് 1–ാം അദ്ധ്യായത്തിന്റെ ആദ്യഭാഗവും പ്രവൃത്തികളുടെ പുസ്തകം ഒന്നാം അദ്ധ്യായത്തിന്റെ, ആദ്യഭാഗവും പരിശോധിച്ചാൽ ലൂക്കൊസിന്റെ ഉദ്ദേശങ്ങൾ നമുക്കു വിവേചിക്കാവുന്നതാണ്:

*ചരിത്രപരമായ ഉദ്ദേശം ലൂക്കൊസിന്നുണ്ടായിരുന്നു.* ലൂക്കൊസും പ്രവൃത്തികളും വെറും ചരിത്രം മാത്രമല്ല, എങ്കിലും ശക്തമായ രീതിയിൽ ക്രിസ്തുവിന്റെ ചരിത്രവും ആദിമ സഭയുടെ ചരിത്രവും പ്രസക്തമായി വിവരിക്കുകതന്നെ ചെയ്യുന്നുണ്ട്.

ലൂക്കൊസ് ഒരു ചരിത്രകാരൻ എന്ന നിലയിൽ പല വസ്തുതകളും ശ്രദ്ധിക്കണം: *ശ്രദ്ധേയമായ* ചരിത്രകാരനായിരുന്നു ലൂക്കൊസ്. “അവൻ സകലവും സൂക്ഷ്മമായി പരിശോധിച്ചിരുന്നു” (ലൂക്കൊസ് 1:3). അവൻ വിശദവിവരങ്ങൾ നല്കുന്നു. നൂറുകണക്കിനു വ്യക്തികളുടെ പേരുകൾ, സ്ഥലപേരുകൾ, റോമാ രാഷ്ട്രീയവും നിയമാവലികളും പ്രാദേശികമായ ആചാരങ്ങളും വിവരിക്കുന്നുണ്ട്. *കൃത്യതയുള്ള* ചരിത്രകാരനായിരുന്നു അവൻ. കഴിഞ്ഞ കാലത്തു, പ്രവൃത്തികളുടെ പുസ്തകത്തിലെ കൃത്യതയെ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്, എന്നാൽ കാലവും ഭുഗർഭ ശാസ്ത്രവും ഗവേഷണവും ലൂക്കൊസിനെ നീതീകരിക്കയുണ്ടായി.[23]

*ദൈവശ്വാസീയനായ* ചരിത്രകാരനായിരുന്നു ലൂക്കൊസ്. അനവധി ഉറവിടങ്ങളിൽ നിന്നു ലൂക്കൊസ് വിവരങ്ങൾ ശേഖരിച്ചിരുന്നു: പ്രവൃത്തികളുടെ പുസ്തകത്തിന്റെ ആരംഭ ഭാഗത്തിനു അവൻ പൗലോസിനോടുകൂടെ യെരുശലേമിൽ പോയി (പ്രവൃത്തി 21:17), ആദ്യ സംഭവങ്ങളിൽ ഉൾപ്പെട്ടവരുമായി സംസാരിക്കുവാനുള്ള അവസരവും സമയവും അവനുണ്ടായിരുന്നു. പ്രവൃത്തികളുടെ പുസ്കത്തിന്റെ അവസാനഭാഗത്തിന് തന്റെ അനുഭവങ്ങളിൽ നിന്നും പൗലോസിന്റെ ഓർമ്മക്കുറിപ്പിൽ നിന്നും ലഭിച്ചു.[24] അവൻ ചിലസംഭവങ്ങൾ രേഖപ്പെ ടുത്തി, എങ്ങനെയായാലും (അഗ്രിപ്പാ രാജാവ് ഫെസ്തോസ് തുടങ്ങിയവരുമായി നടന്ന രഹസ്യ സംഭാഷണം; പ്രവൃത്തി 25:13–22; 26:30–33), ഇതു അവനു ദൈവിക വെളിപ്പാട് ലഭിച്ചു എന്നതിന്റെ തെളിവാണ്. മുൻപു പ്രസ്താവിച്ചതുപോലെ, ലൂക്കൊസിനു പൗലോസിന്റെ കൈവെപ്പിനാൽ അത്ഭുത ശക്തി ലഭിച്ചു എന്നതു സംശയകരമാണ്. *ലൂക്കൊസിനു ക്രിസ്തീയ “വിവരങ്ങളുടെ മുഖ്യ ഉറവിടം” ദൈവത്തിന്റെ പരിശുദ്ധാത്മാവായിട്ടുണ്ട്!*[25] ലൂക്കൊസിന്റെ പരിശോധനയെ, നാം വിലകുറച്ചു കാണിക്കുന്നില്ലെങ്കിലും ലൂക്കൊസിന്റെ കഴിവല്ല പരിശുദ്ധാത്മ സഹായത്താലാണ് അവനു കൃത്യമായി എഴുതുവാൻ സാധിച്ചത്!

ഒരു ചരിത്രകാരൻ എന്ന നിലയിൽ ലൂക്കൊസിന്റെ ഒരു സ്വഭാവം കൂടെ നോക്കേണ്ടതുണ്ട്: *തിരഞ്ഞെടുക്കപ്പെട്ട ഒരു ചരിത്രകാരനായിരുന്നു അവൻ.* എല്ലാ ചരിത്രകാരന്മാരും, തിരഞ്ഞെടുക്കേണ്ടതു, ആവശ്യമാണ്. ലൂക്കൊസിന്റെ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം പ്രവൃത്തി 1:8 നല്കുന്നുണ്ട്, “യെരുശലേമിലും, യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും,

ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും" എന്നു യേശു ശിഷ്യന്മാരോടു പറഞ്ഞു. സഭയുടെ പ്രാരംഭഘട്ടത്തിൽ സംഭവിച്ചതെല്ലാം ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ല. മറിച്ച്, റോമാ സാമ്രാജ്യത്തിന്റെ മറഞ്ഞു കിടക്കുന്ന ഒരു മൂലയിൽ നിന്നു ആ സാമ്രാജ്യത്തിന്റെ ഹൃദയ ഭാഗം വരെ സുവിശേഷം ഏതാണ്ട് 30ലധികം വർഷങ്ങൾ! എങ്ങനെ വ്യാപിച്ചു എന്നതിലായിരുന്നു അവൻ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് (പുസ്തകത്തെ കുറിച്ചുള്ള കുടുക്കു ചോദ്യങ്ങളിൽ ഒന്നിനു സഹായ കമാണിത്: പുസ്തകത്തിന്റെ അവസാനത്തെക്കുറിച്ചു നാം എന്താണ് തീർപ്പുകല്പിക്കുന്നത്? സുവിശേഷം റോമിൽ എത്തിയതെങ്ങനെ, എന്നു പ്രസ്താവിക്കുകയാണ് ലൂക്കൊസിന്റെ ഉദ്ദേശം, എങ്കിൽ പിന്നെ പുസ്തകം പൂർണ്ണമായി. കാരണം ഇതവസാനിക്കുന്നതു സുവിശേഷം റോമിൽ എത്തിയപ്പോഴാണ്).

*ക്രിസ്തുശാസ്ത്രോദ്ദേശം* ലൂക്കൊസിനുണ്ടായിരുന്നു. പ്രവൃത്തി 1:1-ൽ ലൂക്കൊസ്, തന്റെ മുമ്പിലത്തെ വാല്യത്തെ എടുത്തു പറയുന്നു ണ്ട്. "യേശു ചെയ്തും പഠിപ്പിച്ചും തുടങ്ങിയതെല്ലാം, ... അവൻ അതിൽ എഴുതിയിരുന്നു" എന്നു പറയുന്നു (എംഫസിസ് മൈൻ) "തുടങ്ങി" എന്നതു ലളിതമായ ഒരു സഹായക്രിയ,[26] യായിട്ടാണ് പറഞ്ഞിരിക്കുന്ന തു. നിരവധി കമന്റേറ്റേഴ്സ് വിശ്വസിക്കുന്നതു (ഞാനും യോജിക്കുന്നു). "യേശു ചെയ്തും പഠിപ്പിച്ചും *തുടങ്ങിയതുമെല്ലാം* രണ്ടാം വാല്യത്തിൽ പറയുന്നുണ്ട്" എന്നാണ്.

പ്രവൃത്തികളുടെ പുസ്തകത്തിലെ അനവധി പ്രസംഗങ്ങൾ വേഗ ത്തിൽ പരിശോധന നടത്തിയാൽ യേശുവിനെ ഉയർത്തി (*ഒരു* പക്ഷേ മുഖ്യ പ്രതിപാദ്യവിഷയമായി) എടുത്തിരിക്കുന്നു എന്നു കാണാം. എങ്ങ നെയായാലും, ലൂക്കോസിനു യേശു ഒരു പ്രസംഗവിഷയം മാത്രമായി രുന്നില്ല; അവന്നു യേശു ജീവനുള്ള സാന്നിദ്ധ്യമായിരുന്നു.[27] ശിഷ്യന്മാർ സുവിശേഷവുമായി ലോകത്തിറക്കുമ്പോൾ, യേശു അവരോടൊപ്പം ഉണ്ടാകും എന്നു വാഗ്ദാനം ചെയ്തിരുന്നു (മത്തായി 28:18-20)! യേശു തന്റെ പ്രവർത്തനം *തുടരുന്നു എന്നു* വായനക്കാർ മനസിലാക്കണമെന്നു ലൂക്കോസ് ആഗ്രഹിച്ചു - പരിശുദ്ധാത്മാവിനാലും, തന്റെ ആളുകളാലും നിർവ്വഹിച്ചു.

നാം മുൻപു കണ്ടതുപോലെ, പ്രവൃത്തികൾ വാസ്തവത്തിൽ "അപ്പൊസ്തലന്മാരുടെ പ്രവർത്തികൾ" അല്ല "പത്രോസിന്റെയും പൗലോ സിന്റെയും പ്രവൃത്തികളുമല്ല" "പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളുമ ല്ല."[28] മറിച്ചു, "*യേശുവിന്റെ* പ്രവൃത്തികൾ" - തന്റെ ആത്മാവ് തന്റെ ജനങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നു!

യേശു സുവിശേഷങ്ങളിൽ "തുടങ്ങിവെച്ചതു" പ്രവൃത്തികളിൽ "തുട രുന്നതു" തിട്ടപ്പെടുത്തുന്നതു രസകരമായിരിക്കും. ആ ലിസ്റ്റ് നമുക്കു ആരംഭിക്കാം: യേശു പരിശുദ്ധാത്മാവിനെ അയക്കുമെന്നു വാഗ്ദാനം ചെയ്യുന്നു (യോഹന്നാൻ 16:7, 12, 13); താൻ സഭ പണിയുമെന്നു വാഗ്ദാനം ചെയ്യുന്നു (മത്തായി 16:18); അവൻ സഭയുടെ വാതിൽ തുറ ക്കുവാൻ പത്രോസിനെ അനുവദിക്കുന്നു (മത്തായി 16:18, 19); തന്റെ ശിഷ്യന്മാർക്കു ആജ്ഞകൊടുക്കുന്നു (മത്തായി 28:18-20; മർക്കൊസ്

16:15, 16); തന്റെ അപ്പൊസ്തലന്മാർക്കു അവൻ അത്ഭുത ശക്തി നല്കുന്നു (മർക്കൊസ് 16:17, 18);[29] വരുവാനിരിക്കുന്ന എതിർപ്പുകളെ കുറിച്ച് അവന്റെ വാക്കുകൾ (യോഹന്നാൻ 15:18–25); അവസാന വിജയം ആവാൻ വാഗ്ദാനം ചെയ്തു (യോഹന്നാൻ 14:1–3). "ശേഷമുള്ള സംഭവങ്ങളുടെ വിവരണമാണ്" പ്രവൃത്തികളുടെ പുസ്തകം; പൂർത്തിയാക്കാത്ത കാര്യങ്ങളെ അതു കൈകാര്യം ചെയ്യുന്നു.

(പ്രവൃത്തികളുടെ പുസ്തകം ഊന്നൽ കൊടുക്കുന്നത് യേശു ക്രിസ്തു എന്ന വ്യക്തിയുടെ സഹായത്തെ കാണിക്കുന്നതുകൊണ്ടാണ് ലൂക്കൊസ് ഈ പുസ്തകം ഇങ്ങനെ അവസാനിപ്പിക്കുന്നത്. പൗലോസിന്റെ ആത്മകഥ ചിത്രീകരിക്കുകയാണ്, ലൂക്കൊസിന്റെ ഉദ്ദേശ്യമെങ്കിൽ പ്രശ്നം പരിഹരിക്കാത്ത ഒരു പുസ്തകമായി തീരുമായിരുന്നു. *യേശുവിനെക്കുറിച്ചു,* പറയുകയാണ് ലൂക്കൊസിന്റെ ലക്ഷ്യമെങ്കിൽ റോമിലെ പൗലോസിന് രണ്ടു വർഷ ശേഷം എന്തു സംഭവിച്ചു എന്നത് രണ്ടാമത്തെ കാര്യമാണ്.)

*ലൂക്കൊസിനു ഒരു ശുശ്രൂഷോദ്ദേശം ഉണ്ടായിരുന്നു.*[30] "താൻ തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പനകൊടുത്തിട്ട് അവൻ ആരോഹണം ചെയ്തിരുന്നു" പ്രവൃത്തി 1:2 കുറിക്കുന്നു. "കല്പന" എന്നതു പൊതുവായ രീതിയിൽ ഉപയോഗിച്ചിരിക്കുന്നതിനാൽ അനവധി കല്പനകൾ യേശു അവർക്കു നല്കിയിരുന്നു എന്നു വിവരിക്കാം. ഈ സന്ദർഭത്തിൽ, എങ്ങനെയായാലും, അപ്പൊസ്തലന്മാർക്കു "കല്പന കൊടുത്തതു," അത്, മഹത്തായ ആജ്ഞയായിരുന്നു. ലൂക്കൊസിന്റെ വിവരണത്തിൽ മഹത്തായ ആജ്ഞ കാണുന്നതു ലൂക്കൊസ് 24–ൽ ആണ്, സ്വർഗ്ഗാരോഹണ വിവരണത്തിനു തൊട്ടു മുൻപുമാണ് (ലൂക്കൊസ് 24:44–49). വെസ്റ്റേൺ ടെക്സ്റ്റ് വിപുലീകരിച്ചതായ വാക്യം ഇപ്രകാരം പറയുന്നു, "... പരിശുദ്ധാത്മാവിനാൽ, അവർക്കു കല്പന കൊടുത്തവരെ അവൻ തിരഞ്ഞെടുത്ത, *അപ്പൊസ്തലന്മാർക്കു, സുവിശേഷ പ്രഖ്യാപനത്തിനു ഉത്തരവാദിത്വം കൊടുത്തു*"[31] (എംഫസിസ് മൈൻ). ഇതു പ്രവൃത്തി 1:8 നോടു യോജിക്കുന്നു, യേശു അപ്പൊസ്തലന്മാരോടു പറഞ്ഞതു, "നിങ്ങൾ യെരുശലേമിലും, യെഹൂദ്യയിലും, ശമര്യയിലും, ലോകത്തിന്റെ അറ്റത്തോളം എന്റെ സാക്ഷികൾ ആകുവിൻ." പ്രവൃത്തികളുടെ പുസ്തകത്തിലെ മുഖ്യ സംഭവം സഭാ ദൗത്യനിർവ്വഹണമാണ്.

*ലൂക്കൊസിന്നു ഒരു പ്രതിവാദോദ്ദേശം ഉണ്ടായിരുന്നു* "അപ്പോളജറ്റിക്" എന്ന ഇംഗ്ലീഷ് വാക്ക് *അപ്പോളജിയ,* എന്ന ഗ്രീക്ക് വാക്കിൽ നിന്നു വന്നതാണ് അതിനർത്ഥം "എതിർവാദം" എന്നാണ്. ക്രിസ്തുവിനെയും ക്രിസ്ത്യാനിത്വത്തെയും പറ്റി തെറ്റായ ആശയങ്ങൾ ലൂക്കൊസിന്റെ കാലത്തു പ്രചരിച്ചിരുന്നു. ക്രിസ്ത്യാനിത്വത്തെ "മതഭേദമെന്നാണ്, ... അതിനെതിരായിഎങ്ങും പരത്തിയിരുന്നത്" (പ്രവൃത്തി 28:22). തെറ്റായ പ്രകടനങ്ങളെ തിരുത്തുവാൻ ലക്ഷ്യമിട്ടിരുന്നതായി ലൂക്കൊസ് 1:1–4 വ്യക്തമാക്കുന്നു. ക്രിസ്ത്യാനിത്വത്തിന്റെ ക്രിയാത്മക ചിത്രം ആ പുസ്തകങ്ങൾ നല്കുന്നു – പ്രത്യേകിച്ചു റോമാ ഗവൺമെന്റുമായുള്ള ബന്ധത്തിൽ.[32]

പ്രവൃത്തികളുടെ പുസ്തകത്തിൽ, ലൂക്കൊസ് ഊന്നൽ കൊടുത്തതു ക്രിസ്ത്യാനികൾ റോമാ സാമ്രാജ്യത്തെ മറിച്ചിടാൻ ശ്രമിക്കുകയായിരുന്നില്ല, മറിച്ചു *പാപത്തെയാണ്* മറിച്ചിടാൻ ശ്രമിക്കുന്നത്. മിക്ക റോമൻ ഉദ്യോഗസ്ഥരും ക്രിസ്ത്യാനികളോടു മാന്യമായാണ് പെരുമാറിയിരുന്നതെന്നു ലൂക്കൊസ് ശ്രമിച്ചു. അങ്ങനെ അല്ലായിരുന്നവർ റോമാ നിയമത്തിനെതിരായിരുന്നവരാണ്. റോമാ സാമ്രാജ്യത്തിലെ യഥാർത്ഥ കുഴപ്പക്കാർ ക്രിസ്ത്യാനികളല്ല, യെഹൂദന്മാരാണെന്നു ലൂക്കൊസ് വെളിപ്പെടുത്തി.

ഈ ബന്ധത്തിൽ, ക്രിസ്ത്യാനിത്വം പഴയ നിയമ പ്രവചനങ്ങളുടെ നിവർത്തീകരണം ആയിരുന്നു എന്നു ലൂക്കൊസ് ഉറപ്പിച്ചു പറഞ്ഞു. അതുകൊണ്ടു, ക്രിസ്ത്യാനിത്വം, യെഹൂദമതത്തിനുശേഷമുള്ള ദൈവത്തിന്റെ അടുത്ത നടപടിയായിരുന്നു. അങ്ങനെ ക്രിസ്ത്യാനിത്വം, യെഹൂദമതത്തെപോലെ റോമിന്റെ സംരക്ഷണത്തിൻ കീഴിലാകണം.[33]

*ലൂക്കൊസിനു ഒരു പ്രബോധനോദ്ദേശം ഉണ്ടായിരുന്നു. ഡിഡാച്ചോ* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് "ഡിഡാക്റ്റിറ്റ്" എന്ന ഇംഗ്ലീഷ് വാക്ക് വന്നത്, അതിന്റെ അർത്ഥം "പ്രബോധനം, നിർദ്ദേശം, ഉപദേശം എന്നാണ്." "തന്നെ ധഅവൻപ*പഠിപ്പിച്ച* യഥാർത്ഥ*സത്യം* തെയോഫിലൊസ് അറിയേണ്ടതിനു ലൂക്കൊസ് എഴുതി" (ലൂക്കൊസ് 1:4; എംഫസിസ് മൈൻ). സത്യത്തെ പഠിപ്പിക്കുന്ന രേഖകളാണ് ലൂക്കൊസും പ്രവൃത്തികളും.

വിഷയങ്ങളുടെ വിവരപ്പട്ടിക വൃത്തിയായിരിക്കുന്ന, ദൈവശാസ്ത്ര സൂചനയുള്ള പുസ്തകമല്ല പ്രവൃത്തികളുടെ പുസ്തകം. എന്നാൽ കൂടുതലും ഉപദേശം ക്രോഡീകരിച്ച വാല്യമാണ്. ഈ പുസ്തകത്തിലൂടെ നാം പ്രയത്നിക്കുമ്പോൾ രക്ഷ, സഭ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെ കുറിച്ചുള്ള ഉപദേശങ്ങൾ കണ്ടെത്താൻ കഴിയും.

**സമയ സംബന്ധമായ പോയിന്റ്**

പ്രവൃത്തികളുടെ പുസ്തകം എപ്പോൾ എഴുതപ്പെട്ടു? ചില ഉദാര മനസ്കരായ പണ്ഡിതന്മാരുടെ പ്രവൃത്തികളുടെ പുസ്തകം എഴുതിയതു രണ്ടാം – നൂറ്റാണ്ടിലാണെന്ന സമീപനത്തെ നാം തള്ളിക്കളയുകയാണ്. "കെട്ടുകഥകൾ വർദ്ധിപ്പിക്കുവാൻ സമയത്തെ അനുവദിക്കുക" (എന്നതാണ് അവർ പറഞ്ഞത്).

എഴുതപ്പെട്ട സമയം കൃത്യമായി തീർച്ചപ്പെടുത്താൻ നമുക്കു സാദ്ധ്യമല്ല. എന്നാൽ എന്റെ അഭിപ്രായത്തിൽ പുസ്തകം പൂർത്തിയാക്കിയതു ഏതാണ്ട് എ.ഡി. 62 അല്ലെങ്കിൽ 63 നോടടുത്ത് ഈ പുസ്തകത്തിന്റെ – അവസാന – വാക്യങ്ങളിൽ പറഞ്ഞ രണ്ടു വർഷങ്ങളിൽ ആയിരിക്കാം.[34] പൗലോസിന്റെ ജീവചരിത്രം, നമുക്കു നല്കുക എന്നതായിരുന്നില്ല ലൂക്കൊസിന്റെ ഉദ്ദേശം എങ്കിലും പൗലോസ് നീറോയുടെ മുമ്പിൽ നിന്ന സംഭവം ലൂക്കൊസ് പുസ്തകം എഴുതി തീരുന്നതിനു മുൻപ് സംഭവിച്ചിരുന്നില്ലെങ്കിൽ ലൂക്കൊസ് അതു പറയുമായിരുന്നില്ല. ഒരു ലൈൻ മാത്രമെ അതെടുത്തിരിക്കാനിടയുള്ളൂ.[35]

ഈ കാലയളവു ശരിയാക്കാമെന്നു തോന്നിക്കുന്നതാണ് താഴെ പറയുന്ന കാര്യങ്ങൾ: നല്ല രീതിയിലായിരുന്നു ലൂക്കൊസ് റോമിനേയും റോമാക്കാരെയും അവതരിപ്പിച്ചത്. എ.ഡി. 64–ൽ റോം കത്തി നശിപ്പിച്ചതുകൊണ്ട് അതിനുമുൻപ് എഴുതിയിരിക്കണം. നീറോ ക്രിസ്ത്യാനികളെ ഉപദ്രവിക്കൽ ആരംഭിച്ചു കഴിഞ്ഞു. എഫെസൊസിലെ മൂപ്പന്മാരെ വീണ്ടും കാണുമെന്നുള്ള പ്രതീക്ഷ പൗലോസിനില്ലായിരുന്നു (പ്രവൃത്തി 20:38). അവൻ അവരെ വീണ്ടും കാണുകയുണ്ടായി, എന്നു വ്യക്തം (1 തിമൊഥെയോസ് 1:3).[36] പൗലോസ് തടവിൽ നിന്നു മോചിപ്പിക്കപ്പെടുകയും വീണ്ടും എഫെസൊസ് സന്ദർശിക്കുകയും, ചെയ്തിരുന്നുവെങ്കിൽ ലൂക്കൊസ് പ്രവൃത്തികളുടെ പുസ്തകം 20–ാം അദ്ധ്യായത്തിൽ മറ്റൊരു രീതിയിൽ എഴുതുമായിരുന്നു.

**സ്ഥലം**

ലൂക്കൊസും പ്രവൃത്തികളും ഒരുപക്ഷേ നീണ്ട സമയത്തിനുള്ളിൽ എഴുതി തീർത്തതാകാം. ലൂക്കൊസ് ഒരുപക്ഷേ പൗലോസിനോടൊപ്പം യാത്ര ചെയ്തപ്പോൾ ഡയറി കൈവശം വെച്ചിരിക്കാം. ലൂക്കൊസിന്റെ സുവിശേഷവും പ്രവൃത്തികളുടെ പുസ്തകത്തിലെ അധികഭാഗവും ലൂക്കൊസിന്റെ യെരുശലേം സന്ദർശനവുമായി ബന്ധപ്പെട്ടു എഴുതിയതാകാം (പ്രവൃത്തി 21:17). പൗലോസ് കൈസര്യയിൽ രണ്ടു വർഷം തടവിലായിരിക്കാൻ ശക്തമായ സാദ്ധ്യതയുണ്ട് (പ്രവൃത്തി 24:27),[37] ലൂക്കൊസ് പൗലോസിനോടു കൂടെ റോമിലേക്കു പോയി (പ്രവൃത്തി 27:1). അവിടെ അവനോടൊപ്പം പാർത്തു (ഫിലെമോൻ 23). ആ ഡെയിറ്റ് ശരിയാണെങ്കിൽ, പുസ്തകം റോമിൽ വെച്ചു പൂർത്തിയാക്കിയേക്കാം.

എഴുതിയ സ്ഥലമെന്നു മറ്റുള്ളവർ കരുതുന്നതു സുറിയയിലെ അന്ത്യോക്യാ, കൈസര്യ, തുടങ്ങിയവ. സ്ഥലം പുസ്തകത്തിലെ ഉപദേശത്തെ ബാധിക്കുന്നില്ല.

**ഉപസംഹാരം**

പ്രവൃത്തികളുടെ പുസ്തകം വായിക്കുമ്പോൾ, നമ്മെ കോരിത്തരിപ്പിക്കയും തണുപ്പിക്കയും ചെയ്യും. ആദ്യ ക്രിസ്ത്യാനികൾ കർത്താവിനായി നേടിയതു കാണുമ്പോൾ അതു നമ്മെ ഉണർത്തും. മനുഷ്യർ മനുഷ്യരുടെ മുൻപിൽ ചെയ്തതു (ദൈവ സഹായത്താൽ) വീണ്ടും ചെയ്യാൻ കഴിയും. ആദ്യ സഭയെയും, നമ്മെയും തമ്മിൽ താരതമ്യം ചെയ്താൽ നമ്മെ തണുപ്പിക്കുന്നതാണ് മറുവശം. അന്നത്തെ സഭകളെയും ഇന്നത്തെ സഭകളെയും തമ്മിൽ താരതമ്യം ചെയ്താൽ വലിയ പീരങ്കിയിൽ ഉണ്ടകൾ നിറച്ചു വിടുന്നതും, കുട്ടികൾ കളിത്തോക്കിനുള്ളിൽ ചെറിയ കോർക്കുപയോഗിക്കുന്നതും തമ്മിലുള്ള വ്യത്യാസമാണ്. ആദ്യ ക്രിസ്ത്യാനികൾ "ലോകത്തെ കീഴ്മേൽ മറിച്ചു" (പ്രവൃത്തികൾ 17:6; KJV). നമ്മിൽ പലരും ലോകത്തെ കുറച്ചെങ്കിലും ഇളക്കാൻ ശ്രമിക്കുന്നില്ല! നാം ആദ്യ ക്രിസ്ത്യാനികളുടെ ആത്മാക്കളെ കടമെടുത്തു അവരുടെ തീവ്രമായ വിശ്വാസവും ഭക്തിയും എടുത്തു കൊണ്ടു വീണ്ടും അവന്റെ ശരീരത്തിലുള്ള ആളുകളായി "ഭൂമിയെ ഇളക്കുമെന്നു" ഞാൻ പ്രത്യാശിക്കുന്നു!

ഈ പാഠത്തിനുള്ളതും അടുത്ത പാഠത്തിലുള്ളതുമായ എന്റെ ആദ്യത്തെ ദൃശ്യസഹായം ലളിതമായിരുന്നു: മുഖവുരയുടെ മുഖ്യപോയിന്റുകൾ സ്പഷ്ടമാക്കിയിരുന്നു. (നിങ്ങൾക്ക് ഒരു പ്രൊജക്ടർ ഇല്ലെങ്കിൽ, മുഖ്യപോയിന്റുകൾ ബോർഡിലോ ചാർട്ട് പേപ്പറിലോ എഴുതാം.) വിദ്യാർത്ഥികൾക്ക് മുഖ്യപോയിന്റുകൾ അടങ്ങുന്നത് നോട്ടുകൾ എഴുതുവാൻ സ്ഥലം കൊടുത്തിരിക്കും.

ബോർഡിൽ ഞാൻ പല ചിത്രീകരണങ്ങൾ നല്കുന്നുണ്ട്. ഉദാഹരണമായി, ലൂക്കൊസിനെ ഒരു ചരിത്രകാരനായി എടുത്തു പറയുമ്പോൾ, ഞാൻ ബോർഡിൽ ഒരു കുത്തിട്ട് "യെരുശലേം" എന്നു എഴുതും. നടുവിൽ നിന്ന് എല്ലാദിശയിലേക്കും ഞാൻ ധാരാളം വരകൾ വരക്കും, ഇവ അപ്പൊസ്തലന്മാരുടെയും വ്യക്തികളുടെയും ലോകത്തിലെ വിവിധ ഭാഗങ്ങളിലേക്ക് പോയസ്ഥലങ്ങൾ സൂചിപ്പിക്കുന്നു. പിന്നെ *ഒരു* വര "പത്രൊസിന്റെ പ്രവൃത്തി," എന്നെഴുതും, അതു, ലൂക്കൊസ് തിരഞ്ഞെടുത്ത പത്രൊസിന്റെ പ്രവൃത്തിയാണ്.

പഠനത്തിന് മുഴുവനായി, പുതിയനിയമലോകത്തെ കാണി ക്കുന്ന ഭൂപടം ഉപയോഗിക്കുന്നത് നല്ലതാണ്.

ഈ പദ്ധതി ഒരു ക്ലാസിൽ ഉപയോഗിക്കുന്നുവെങ്കിൽ, വിദ്യാർത്ഥികളുടെ മനസ്സിൽ പതിയേണ്ടതിനാൽ ഫ്ളാഷ് കാർഡ് ഉപയോഗിക്കാം അതു ഒരു കഷണം കാർഡ്ബോഡാകാം അല്ലെങ്കിൽ ഒരു വശത്ത് ചോദ്യ ചിഹ്നവും മറുവശത്ത് ഉത്തരവും അടങ്ങുന്ന കാർഡ്ബോർഡും ആകാം. ചോദ്യം "ഫ്ളാഷ്ഡ്" (കാണിക്കുന്ന) ഉത്തരങ്ങൾ, പ്രോത്സാഹിപ്പിക്കുന്നവയാണ്. പിന്നെ മറുവശത്ത് ഉത്തരം പറഞ്ഞത് ശരിയോ എന്ന് നോക്കാം. നിങ്ങൾ ഈ ഫ്ളാഷ് കാർഡ് തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ പഠനത്തിലെ പ്രധാനപോയിന്റുകൾ കാർഡിൽ ഊന്നൽ കൊടുത്തിരിക്കണം. ക്ലാസിൽ വരുന്നവർക്കും ഇത്തരം ഫ്ളാഷ് കാർഡ്, ചെറിയ കാർഡ് ബോർഡുകൾ ഉണ്ടാക്കാവുന്നതാണ്.

---

കുറിപ്പുകൾ

[1]വ്യക്തിപരമായ ചിത്രീകരണത്താൽ പാഠം തുടങ്ങുന്നതിനു, പാഠം പ്രസിദ്ധമായ അനന്തരകഥാപുസ്തകം ഉദാഹരണമായി എടുക്കാം, അടുത്ത സമയത്തിറങ്ങിയ, പ്രസിദ്ധമായ – പുസ്തകം *ഗോൺ വിത്ത് ദ വിൻഡ്* എടുക്കാം. [2]വില്ല്യം ബാർക്ക്ലെയുടെ, *ദി ആക്റ്റ്സ് ഓഫ് ദി അപ്പൊസ്തലൽസ്*, ദി ഡെയിലി ബൈബിൾ സ്റ്റഡി സീരീസ്, ݂ൃല്. ed. (ഫിലദെൽഫിയ, ജമ.: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 1. [3]മോൺഡെ കോക്സ്, *ആക്റ്റ്സ് ഓഫ് ദി അപ്പൊസ്തലൽസ്* (സിലബസ്, ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, സേഴ്സി, ആർക്ക്., 1993), 1. [4]ആന്റണി ലീ ആഷ്, *ദി ആക്റ്റ്സ് ഓഫ് ദി അപ്പൊസ്തൽസ്,* പാർട്ട് 1, ദി ലിവിങ്ങ് വേഡ്

കമന്ററി, ലറ. എവെറെറ്റ് ഫെർ ഗൂസൺ (ആസ്റ്റിൽ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1979), 7. [5]കിങ്ങ് ജെയിംസ് വെർഷൻ (KJV), ന്യൂ കിങ്ങ് ജെയിംസ് വെർഷൻ (NKJV), ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ (NASB), റിവൈസ്ഡ് സ്റ്റാൻഡേർഡ് വെർഷൻ (RSV). [6]ന്യൂ ഇംഗ്ലീഷ് ബൈബിൾ (NEB). [7]അമേരിക്കൻ സ്റ്റാൻഡേർഡ് വെർഷൻ (ASV). [8]ന്യൂ ഇന്റർ നാഷണൽ വെർഷൻ (NIV). [9]"അപ്പൊസ്തലൻ" എന്നതു ഗ്ലോസറി നോക്കുക. [10]യോഹന്നാൻ പത്രൊസിന്റെ, സഹയാത്രികനായിട്ടു യാക്കൊബ് മരിച്ചതായും പറയുന്നു.

[11]ജെ. ഡബ്ലിയുമെക്ഗാർവെയുടെ, *ന്യൂ കമന്ററി ഓൺ ദി അപ്പൊസ്തലൽസ്,* വാല്യം 1 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., n.d.), viii. [12]ഉദാഹരണമായി, പ്രവൃത്തി 1:19 വിവരിക്കുന്ന "അക്കൽദാമ" എന്നതിന്റെ അർത്ഥം "രക്തനിലം" എന്നാണ് "*അവരുടെ ഭാഷയിൽ*" (അതായതു., അരാമ്യ). [13]ഉപേക്ഷിക്കുന്ന നടപടിയിൽ നിങ്ങൾ തല്പരനാണെങ്കിൽ, വിശദമാക്കുന്നതിനു ഉപകരിക്കുന്ന ധാരാളം ആമുഖങ്ങൾ ഉണ്ട് (മെക്ഗാർവേ, ഇക്സ്; ജിമ്മി അലെൻ, *സർവെ ഓഫ് ആക്റ്റ്സ്* [സെഴ്സി, ആർക്ക്: ബൈ ദി ആദർ, 1986], 10). [14]ഉദാഹരണങ്ങൾ ലൂക്കൊസ് 4:35; 9:39; 18:25 (ഔഷധ പേരുകൾ ഗ്രീക്കിൽ ഉണ്ട് എന്നാൽ, ഇംഗ്ലീഷിൽ ഇല്ല). [15]പ്രവൃത്തി 1 അരാമ്യയിൽ "*അവരുടെ സ്വന്തഭാഷ*" എന്നു പറയുന്നു (വാക്യം 19); കൊലൊസ്യർ 4:10, 11, 14, വേലക്കാരിൽ ലൂക്കൊസിനെ എടുത്തു കാണിക്കുന്നുണ്ട് "പരിഛേദനയിൽ നിന്നു" (അതായതു., യെഹൂദന്മാർ). പുറമെ, "ലൂക്കൊസ്" എന്നതു ഗ്രീക്കു വാക്കാണ്. [16]ഈ വിവരം – പാശ്ചാത്യ ടെക്സ്റ്റിൽ നിന്നും പ്രവൃത്തി 11:28–ൽ നിന്നും ലഭിക്കുന്നു ("വെസ്റ്റേൺ ടെക്സ്റ്റ്" എന്ന കുറിപ്പു നോക്കുക). ലൂക്കൊസിന്റെ ജന്മ സ്ഥലം, ഫിലിപ്പിയിലെ, ത്രോവാസോ, മറ്റോ ആയിരിക്കാമെന്നു, ചില, പണ്ഡിതന്മാർ കരുതുന്നു ദി ആന്റി – മാർക്കൊണൈറ്റ് പ്രൊലോറിൻ, പ്രകാലോഗിൻ പ്രകാരം അവൻ അവിവാഹിതനും, മക്കളില്ലാത്തവനുമായി 84–ാം വയസിൽ നിര്യാതനായി എന്നു പറയുന്നു. [17]"പ്രൊഫെസി" ഗ്ലോസെറിയിൽ നോക്കുക. [18]ലൂക്കൊസ് 1:3 "ഏറ്റവും ആവേശകരമായ," എന്നു കാണാം. പക്ഷേ പ്രവൃത്തി 1:1–ൽ ആ പ്രയോഗം കാണുന്നില്ല. ഒരുപക്ഷേ അതിൽ വലിയ പ്രാധാന്യം ഇല്ലായിരിക്കാം. ഇതേ മാതൃകയിൽ അന്നു എഴുതപ്പെട്ട രണ്ടു വാല്യങ്ങൾ ആണ് (I. ഹോർഡ് മാർഷൽ, *ദി ആക്റ്റ്സ് ഓഫ് ദി അപ്പൊസ്തൽസ്*, ദി ടിൻഡെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ്, ജെൻ. ഇഡി.ആർ. വി. ജി. ടാസ്കർ [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളയൂ എം.ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1980], 18–19). [19]മറ്റു വ്യതിയാനങ്ങൾ ഉൾപ്പെടുന്നതു "ഫ്രെന്റ് ഓഫ് ഗോഡ്" ആന്റ് "ഡിയർ റ്റു ഗോഡ്." [20]ഈ രസകരമായ കെട്ടുകഥ ബാർക്ക്ലെ, 3–ൽ പറയുന്നു.

[21]ഇതേ രീതിയിൽ മറ്റൊരു പുതിയ നിയമ എഴുത്തുകാരനും സംബോധന ചെയ്തിട്ടില്ല. [22]യോഹന്നാൻ 20:30, 31 ഉം 1 യോഹന്നാൻ 1:4 ഉം ഉദ്ദേശ പ്രസ്താവനകൾക്കുദാഹരണങ്ങളാണ്. [23]കാലവും ഭൂഗർഭശാസ്ത്രവെളിപ്പെടുത്തലും എങ്ങനെ ലൂക്കോസുമായി യോജിക്കുന്നു എന്നറിയുവാൻ പ്രവൃത്തി 17:6, 8; 28:7 ലെ കുറിപ്പ് നോക്കുക. [24]സാദ്ധ്യമായ ഉറവകൾ കൂടുതൽ പിന്നീടുള്ള ലക്കത്തിൽ പ്രതീക്ഷിക്കാം എന്നാൽ പൗലോസിനാൽ പരിവർത്തനം ചെയ്യപ്പെട്ടവരിൽ ഇതു ലഭിക്കുവാൻ സാദ്ധ്യതയില്ല. ചില കമന്റേട്ടേഴ്സ് വിചാരിക്കുന്നത് ലൂക്കോസ് *കണ്ടുപിടിച്ച* ഈ സംഭാഷണം ബൈബി ദൈവശ്വാസീയമെന്നു വിശ്വസിക്കുന്നവർക്കു പരിഹാസ്യമായി തോന്നാം. [25]അസാധാരണമെന്നപോലെ,

ഈ ദൈവിക "ഉറവിടം" മിക്ക കമന്റേട്ടേഴ്സ് പറയുന്നില്ല. [26]ചില കമന്റേട്ടേഴ്സ് "തുടങ്ങി" എന്നതു ഒരു സഹായക്രിയയായി ഉപയോഗിച്ചിരിക്കുന്നു. കാരണം "യേശു തന്റെ ഉപദേശവും പ്രവർത്തിയും തുടങ്ങി" എന്നതിന്റെ മോർമോൻകാർ ദുരുപയോഗിക്കാൻ തുടങ്ങി. അവർ പഠിപ്പിക്കുന്നതു, യേശു തന്റെ ഉയിർപ്പിനു ശേഷം അമേരിക്കയിൽ വന്നു പ്രത്യേക വെളിപ്പാട് നല്കി (ദി ബുക്ക് ഓഫ് മോർമോൻ). നാം പ്രവൃത്തികളുടെ പുസ്തകം പരിശോധിച്ചാൽ, യേശു തന്റെ *ആളുകളിൽ തുടർന്നും* പ്രവർത്തിച്ചും വന്നു എന്നു കാണാം. മോർമോന്റെ അവകാശം തെറ്റാണ്. [27]യേശുവിന്റെ ജീവിക്കുന്ന സാന്നിദ്ധ്യത്തെ പുതിയനിയമഎഴുത്തുകാരിൽ ലൂ ക്കോസ് മാത്രമല്ല സംസാരിച്ചത്. "യേശു അവർക്കിടയിൽ നടന്നതായി" എല്ലാം അറിയാമെന്നും വെളിപ്പാട് 1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങളിൽ യോഹന്നാൻ പറയുന്നുണ്ട് (വെളിപ്പാട് 1:13, 20; 2:1). [28]ഈ നിർദ്ദേശം പരിശുദ്ധാത്മാവിനെ ലജ്ജിപ്പിക്കുന്നതാണ്, പരിശുദ്ധാത്മാവു വന്നതു തന്നെ വെളിപ്പെടുത്തുവാനായിരുന്നില്ല, യേശുവിനെ വെളിപ്പെടുത്തുവാനായിരുന്നു (യോഹന്നാൻ 15:26; 16:14). [29]മറ്റൊരു രസകരമായ അഭ്യാസം വാഗ്ദാന നിവർത്തീകരണത്തിൽ കാണാം മർ ക്കൊസ് 16:17, 18 പൗലോസിനെ പാമ്പു കടിക്കുകയും ഒന്നും സംഭവിക്കാതിരിക്കയും ചെയ്യുന്നതും നിവർത്തീകരണമായിരുന്നു (പ്രവൃത്തി 28:1–6). [30]ക്രിസ്തീയ യൂണിവേഴ്സിറ്റികളിൽ ശുശ്രൂഷാ പ്രവർത്തനത്തെ പറ്റിയുള്ള പഠനത്തിൽ എങ്ങനെ വേലക്കാരെ സംഘമായി അയക്കണമെന്നും, മറ്റും പഠിപ്പിക്കുന്നുണ്ട്.

[31]ഇതു എഫ്.ബ്രൂസിന്റെ, *ദി ബുക്ക് ഓഫ് ആക്സ്*, ദി ഇന്റർ നാഷണൽ കമെന്ററി ഓൺ ദി ന്യൂ ടെസ്റ്റമെന്റ്, റെവ. ed. (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയു.എം.ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988), 30. [32]ലൂക്കോസ് പൗലോസിന്റെ തടവിനെ "ചുരുക്കമായി പോരാടിയതായിരുന്നു" എ ന്നു പറഞ്ഞാൽ അതു അധികപ്പറ്റാവും. റോമാ ഗവൺമെന്റുമായുള്ള സഭയുടെ ക്രിയാത്മക ബന്ധത്തെയാണ് ലൂക്കോസ് ധൈര്യത്തോടെ എടുത്തുകാണിക്കുന്നതു. [33]റോമാസാമ്രാജ്യത്തിൽ നിയമപരമായി മതവും നിയമരഹിതമായ മതവും ഉണ്ടായിരുന്നു. നിയമപരമായ മതത്തെ റോം സംരക്ഷിച്ചിരുന്നു. യെഹൂദമതം നിയമപരമായ മതമായിരുന്നു. അവസാനം ക്രിസ്ത്യാനിത്വം നിയമ രഹിതമായ മതമാണെന്നു പ്രഖ്യാപിച്ചുകൊണ്ടു റോമാ ഗവൺമെന്റിനാൽ അടിച്ചമർത്താൻ തുടങ്ങി. [34]രണ്ടാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ, ഐറേനിയസ് എഴുതിയത് പ്രവൃത്തികളുടെ പുസ്തകം പത്രോസിന്റേയും മരണശേഷം എഴുതപ്പെട്ടു എന്നാണ്, എന്നാൽ മിക്ക പണ്ഡിതന്മാരും കരുതുന്നതു അതു തെറ്റാണെന്ന്. [35]ലൂക്കോസ്, യാക്കൊബിന്റെ മരണത്തെ എട്ടു ഗ്രീക്കു വാക്കുകളാൽ എഴുതി (പ്രവൃത്തി 12:2). [36]അധികം പണ്ഡിതന്മാരും വിശ്വസിക്കുന്നതു പൗലോസ് റോമിൽ വെച്ചു ജയിൽ മോചിതനായി എന്നാണ് (ഫിലമോൻ 22). കൂടാതെ ഉപദേശവും യാത്രയും നടത്തി – അതിൽ ഒന്നു എഫെസോസിലേക്കായിരുന്നു, അവിടെ തിമൊഥെയൊസിനെ വിട്ടേച്ചു പോയി (1 തിമൊഥെയൊസ് 1:3). ഒന്നു തിമൊഥെയൊസ് ഒരുപക്ഷേ പൗലോ. മോചിതനായി വീണ്ടും തടവിലാക്കപ്പെട്ടു മരണത്തിനു വിധേയമാക്കുന്നതിനു മുൻപു എഴുതപ്പെട്ടിരിക്കാം (2 തിമൊഥെയൊസ് 4:6–8). [37]പൗലോസ് ആ പ്രദേശത്തു വന്നപ്പോൾ ലൂക്കോസ് അവനോടൊപ്പം ഉണ്ടായിരുന്നു (പ്രവൃത്തി 21:17), പൗലോസ് അവിടം വിട്ടു പോയപ്പോൾ അവൻ അവനോടൊപ്പം ഉണ്ടായിരുന്നു (പ്രവൃത്തി 27:1).